"ഭരണഭാഷ-മാതൃഭാഷ"

DWCD/3133/2025-E8

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി: 24-05-2025
ഇമെയിൽ : wcdestablishment2017@gmail.com
ഫോൺ : 0471-2346534

വനിതാ-ശിശു വികസന വകുപ്പ്

**പരിപത്രം**

വിഷയം: വനിത ശിശുവികസന വകുപ്പ്-ജീവനക്കാര്യം -ഐസിഡിഎസ്സ് സൂപ്പർവൈസർ തസ്തികയിൽ **31.12.2023** വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന: 1) വനിത ശിശുവികസന ഡയറക്ടറുടെ **17.04.2024** തീയതിയിലെ DWCD/6570/2023-E8 നം. ഉത്തരവ്.

വനിതശിശുവികസന വകപ്പിൽ 31.01.2019 വരെ സർവ്വീസിൽ പ്രവേശിച്ച ഐസിഡിഎസ്സ് സൂപ്പർവൈസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് വകപ്പിൽ 01.02.2019 മുതൽ 31.12.2023 വരെ ജോലിയിൽ പ്രവേശിച്ച ഐസിഡിഎസ്സ് സൂപ്പർവൈസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ വകപ്പിൽ 01.02.2019 മുതൽ 31.12.2023 വരെ വിവിധ കാര്യാലയങ്ങളിലായി ഐസിഡിഎസ്സ് സൂപ്പർവൈസർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരിൽ നേരിട്ട് നിയമനം ലഭിച്ചവർ പി.എസ്സ്.സി അഡ്വൈസിന്റെ പകർപ്പ്, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവയും മറ്റ തരത്തിൽ നിയമനം ലഭിച്ചവർ ബന്ധപ്പെട്ട ഉത്തരവുകളുടെയും രേഖകളുടെയും പകർപ്പുകൾ എന്നിവ സഹിതം സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ഇതൊടൊപ്പം ഉള്ളടക്കം ചെയ്ത പ്രോഫോർമയിൽ രേഖപ്പെടുത്തി കാര്യാലയ മേധാവി മുഖാന്തിരം ഈ പരിപത്ര തീയതി മുതൽ 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സമയ പരിധി കർശനമായി പാലിക്കേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞു സമർപ്പിക്കുന്ന വിവരങ്ങൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഐസിഡിഎസ്സ് സൂപ്പർവൈസർമാർക്ക്

MANU S P
SENIOR ADMINISTRATIVE OFFICER

പകർപ്പ്

1. എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും
2 സൂപ്രണ്ട്,ഐ.റ്റി .സെൽ(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഐസിഡിഎസ്സ് സൂപ്പർവൈസർ തസ്തികയിൽ 01.02.2019 മുതൽ 31.12.2023 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായി സമർപ്പിക്കേണ്ട പ്രോഫോർമ

| | |
|---|---|
| ജീവനക്കാരന്റെ പേര് (English Bold Letter) | |
| PEN Number | |
| തസ്തിക | |
| ഫോൺ നമ്പർ | |
| പി.എസ്സ്.സി മുഖേനയാണ് നിയമനം ലഭിച്ചതെങ്കിൽ<br><br>എ) പി.എസ്സ്.സി അഡ്വൈസ് നമ്പർ & തീയതി<br><br>ബി) നിയമന ഉത്തരവ് നമ്പർ & തീയതി<br><br>സി) ജോലിയിൽ പ്രവേശിച്ച തീയതി | <br><br>എ)<br><br>ബി)<br><br>സി) |
| മറ്റേതെങ്കിലും തരത്തിൽ നിയമനം ലഭിച്ചതാണെങ്കിൽ<br><br>എ) നിയമന രീതി<br><br>ബി) ഉത്തരവ് നമ്പറും തീയതിയും<br><br>സി) ജോലിയിൽ പ്രവേശിച്ച തീയതി | <br><br>എ)<br><br>ബി)<br><br>സി) |
| പ്രോബേഷൻ പൂർത്തീകരിച്ച തീയതി | |
| | |

| | |
|---|---|
| വിദ്യാഭ്യാസ യോഗ്യത<br><br>എ) ജനറൽ<br><br><br>ബി) സ്പെഷ്യൽ | |
| മറ്റ് യോഗ്യതകൾ | |
| മറ്റ് വിവരങ്ങൾ | |

**സ്ഥലം :** **ജീവനക്കാരന്റെ ഒപ്പ് :**

**തീയതി :** **ജീവനക്കാരന്റെ പേര് :**

**തസ്തിക:**

**സ്ഥലം :** **ഓഫീസ് മേലധികാരിയുടെ ഒപ്പ് :**

**തീയതി :** **തസ്തിക:**

ഓഫീസ് സീൽ